REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലേയും നിയമസഭാ തെരഞ്ഞെടുപ്പ് തിയതി പ്രഖ്യാപനം വൈകിട്ട്.**
- **2021 ൽ 60 വയസ് തികഞ്ഞ 10,115 കർഷകർക്ക് കൂടി 2,000 രൂപ പെൻഷൻ അനുവദിക്കാൻ മന്ത്രിസഭായോഗ തീരുമാനം.**
- **പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ നടത്താനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ റദ്ദാക്കിയതായി CBSE.**
- **ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം.**
- **ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

നാല് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും നിയമസഭാ തെരഞ്ഞെടുപ്പ് തിയതി വൈകിട്ട് പ്രഖ്യാപിക്കും. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ വൈകിട്ട് നാലോടെ പ്രഖ്യാപനം നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം സംസ്ഥാനങ്ങളിലും പുതുച്ചേരിയിലുമാണ് തെരഞ്ഞെടുപ്പ്.

294 അംഗ പശ്ചിമ ബംഗാൾ നിയമസഭയുടെ കാലാവധി മെയ് 7 നാണ് അവസാനിക്കുന്നത്. 126 അംഗ അസം നിയമസഭയുടെ കാലാവധി മെയ് 20 വരെയും, 140 അംഗ കേരള നിയമസഭയുടെ കാലാവധി മെയ് 23 വരെയുമാണ്. തമിഴ്നാട്ടിലെ 234 അംഗ നിയമസഭയുടെ കാലാവധി മെയ് 10 ന്

അവസാനിക്കുമ്പോൾ, പുതുച്ചേരിയിൽ 30 അംഗ നിയമസഭയുടെ കാലാവധി ജൂൺ 15 വരെയാണ്.

✪✪✪

2021 ൽ 60 വയസ് തികഞ്ഞ 10,115 കർഷകർക്ക് കൂടി ചെറുകിട - നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 2,000/- രൂപ വീതം പെൻഷൻ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 24 കോടി 27 ലക്ഷത്തിലധികം രൂപ ഇതിന് അനുവദിക്കും. പ്രകൃതിക്ഷോഭത്തിൽ വിളനാശം നേരിട്ടവരുടെ അടിയന്തര സഹായ പദ്ധതിക്ക് 2021 ഒക്ടോബർ മുതൽ 76 കോടി 68 ലക്ഷം രൂപ കുടിശ്ശിക അനുവദിക്കാനും തീരുമാനിച്ചു. സംസ്ഥാന വിള ഇൻഷുറൻസ് ഇനത്തിൽ 2024 ജൂൺ മുതൽ കുടിശ്ശികയായ 43 കോടി 19 ലക്ഷം രൂപ അനുവദിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ബാധിച്ച പുഞ്ചിരിമട്ടം, എറാട്ടുകുണ്ട്, വില്ലേജ് റോഡ് ഉന്നതികളിലെ 13 കുടുംബങ്ങൾക്ക് വയനാട് ടൗൺഷിപ്പ് മാതൃകയിൽ വീടുകൾ നിർമ്മിച്ചു നൽകും.

സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ 1,857 അധ്യാപക തസ്തികകൾ അനുവദിക്കാനും തീരുമാനമായി. ഈ അധ്യയന വർഷം നടത്തിയ തസ്തിക നിർണയത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ അംഗീകരിച്ചാണ് തീരുമാനം.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപയുടെ പ്രത്യേക പുനരധിവാസ പാക്കേജും അനുവദിച്ചു.

✪✪✪

ഗാർഹിക പാചകവാതക സിലിണ്ടറുകൾ തടസമില്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതായി കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. ആശങ്കാകുലരായി സിലിണ്ടറുകൾ അധികമായി ബുക്ക് ചെയ്യുന്നത് ഒഴിവാക്കണമെന്ന് കേന്ദ്രഗവണ്മെന്റ് ജനങ്ങളോട് അഭ്യർത്ഥിച്ചു.

LPG ബുക്കിംഗിന് ഡിജിറ്റൽ രീതികൾ ഉപയോഗിക്കണമെന്നും കേന്ദ്രഗവണ്മെന്റ് നിർദ്ദേശിച്ചു. രാജ്യത്തെ LPG ആഭ്യന്തര ഉത്പാദനം ഏകദേശം 31 ശതമാനം വർദ്ധിച്ചു. അവശ്യ വസ്തുക്കളുടെ പൂഴ്ത്തിവെപ്പും, കരിഞ്ചന്തയും തടയാൻ സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളും നടപടി സ്വീകരിക്കുന്നുണ്ടെന്നും കേന്ദ്രം വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യയിലെ സ്ഥിതിഗതി കണക്കിലെടുത്ത് ഇന്നത്തെ 14 സർവീസുകൾ റദ്ദാക്കിയതായി എയർ ഇന്ത്യയും ഇന്ത്യൻ എക്സ്പ്രസും അറിയിച്ചു. ഷാർജയിൽ നിന്ന് ഡൽഹി - കണ്ണൂർ - കൊച്ചി - കോഴിക്കോട് - തിരുവനന്തപുരം -മുംബൈ സർവീസുകൾ ഉണ്ടാകുമെന്ന് കമ്പനികൾ വ്യക്തമാക്കി. റാസൽഖൈമയിൽ നിന്ന് കോഴിക്കോട്ടെയ്ക്കും കൊച്ചിയിലേക്കും രണ്ട് സർവീസുകൾ ഉണ്ടാകുമെന്നും എയർ ഇന്ത്യ അറിയിച്ചു. സ്ലോട്ട് ലഭ്യതയും നിലവിലെ വ്യവസ്ഥകളും അനുസരിച്ചായിരിക്കും സർവീസെന്ന് എയർലൈൻസ് അധികൃതർ വ്യക്തമാക്കി.

✪✪✪

ഇന്ത്യയിലേക്ക് വരുന്ന വ്യാപാര കപ്പലുകളെ സഹായിക്കാൻ പേർഷ്യൻ ഗൾഫിന് സമീപം ഇന്ത്യൻ നാവികസേനയുടെ നിരവധി യുദ്ധക്കപ്പലുകൾ വിന്യസിച്ചു. LPG യുമായി പുറപ്പെട്ട രണ്ട് ഇന്ത്യൻ കപ്പലുകൾക്ക് ഇറാനിയൻ അധികൃതർ ഹോർമുസ് കടലിടുക്ക് വഴി ഗതാഗതം അനുവദിച്ചു. കപ്പലുകൾ ഈ മാസം 21 ഓടെ എത്തിച്ചേരുമെന്നാണ് പ്രതീക്ഷ.

✪✪✪

ഇറാൻ എണ്ണ കയറ്റുമതിയുടെ നിർണായക കേന്ദ്രമായ ഖാർഗ് ദ്വീപിൽ അമേരിക്ക കൂടുതൽ ആക്രമണങ്ങൾ നടത്തിയേക്കാമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. വെള്ളിയാഴ്ചത്തെ ആക്രമണത്തിന് മറുപടിയായി ടെഹ്റാൻ പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞയെടുത്തതായി അമേരിക്കൻ ന്യൂസ് ചാനലിന് നൽകിയ അഭിമുഖത്തിൽ ട്രംപ് പറഞ്ഞു. എണ്ണവില ഉയരുമെന്ന ആശങ്ക ട്രംപ്നിഷേധിച്ചു.

✪✪✪

അമേരിക്കയുമായും സഖ്യകക്ഷികളുമായും, വർദ്ധിച്ചു വരുന്ന സംഘർഷങ്ങൾക്കിടയിലും ഹോർമുസ് കടലിടുക്ക് തുറന്ന അവസ്ഥയിലും ഇറാന്റെ നിയന്ത്രണത്തിലുമാണെന്ന് മുതിർന്ന ഇറാനിയൻ കമാൻഡർ അലിറേസ തങ്സിരി പറഞ്ഞു. ഇറാന്റെ നാവികസേനയെ നശിപ്പിക്കുകയോ എണ്ണ ടാങ്കറുകൾക്ക് സുരക്ഷിത അകമ്പടി നൽകുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട അമേരിക്കയുടെ അവകാശ വാദങ്ങൾ തെറ്റാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ അടുത്ത മാസം 10 വരെ നടത്താനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ CBSE റദ്ദാക്കി. ഈ മാസം ഒന്ന് മുതൽ ഒമ്പതു വരെ നടത്തേണ്ടിയിരുന്ന, നേരത്തെ മാറ്റിവച്ചിരുന്ന പരീക്ഷകളും

റദ്ദാക്കിയതായി ബോർഡ് അറിയിച്ചു. പശ്ചിമേഷ്യൻ മേഖലയിലെ 12-ാം ക്ലാസ് വിദ്യാർത്ഥികളുടെ ഫലപ്രഖ്യാപന രീതി യഥാസമയം അറിയിക്കുമെന്നും ബോർഡ് വ്യക്തമാക്കി.

✪✪✪

പശ്ചിമ ബംഗാളിൽ ഗിരീഷ് പാർക്കിൽ BJP- തൃണമൂൽ കോൺഗ്രസ് സംഘർഷത്തെ തുടർന്ന് കേന്ദ്രസേനയെ ഉപയോഗിക്കാത്തതിനെകുറിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ കൊൽക്കത്ത പൊലീസ് കമ്മീഷണറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടു. സംഭവത്തിൽ നിരവധി ബിജെപി തൃണമൂൽ പ്രവർത്തകർക്കും എട്ട് പൊലീസ് ഉദ്യോഗസ്ഥർക്കും പരിക്കേറ്റിരുന്നു.

✪✪✪

കോഴിക്കോട്ടേക്ക് നീട്ടിയ ബംഗലൂരു - കണ്ണൂർ എക്സ്പ്രസ് ട്രെയിനിന്റെ സർവീസ് ആരംഭിച്ചു. പുതിയ സമയക്രമം അനുസരിച്ച് രാവിലെ 10:55-ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട ട്രെയിൻ ഉച്ചയ്ക്ക് 12:40-ന് കോഴിക്കോട്ട് എത്തും. തലശ്ശേരി, വടകര, കൊയിലാണ്ടി സ്റ്റേഷനുകളിൽ സ്റ്റോപ്പുണ്ട്.

തിരികെ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട്ട് നിന്ന് പുറപ്പെട്ട് അഞ്ചിന് കണ്ണൂരിലെത്തും. തുടർന്ന് കണ്ണൂരിൽ നിന്നും പഴയ സമയക്രമം പാലിച്ച് ബംഗളൂരുവിലേക്ക് സർവീസ് തുടരും.

✪✪✪

ശബരിമല സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂരി പരിശോധന നടത്തി മടങ്ങി. ജസ്റ്റിസ് K.T ശങ്കരന്റെ നേതൃത്വത്തിലെ സംഘമാണ് രണ്ടുദിവസത്തെ പരിശോധന നടത്തി രാവിലെ മടങ്ങിയത്. ശബരിമലയിലെ അമൂല്യ വസ്തുക്കളുടെ കണക്കെടുപ്പിന് ഹൈക്കോടതിയാണ് അമിക്കസ്ക്യൂരിയെ നിയോഗിച്ചത്. പരിശോധനയ്ക്ക് വീണ്ടും ശബരിമലയിൽ എത്തുമെന്ന് ജസ്റ്റിസ് K.T ശങ്കരൻ അറിയിച്ചു.

✪✪✪

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം ശക്തമാക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം. "സുരക്ഷിത ഉൽപ്പന്നങ്ങൾ, ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം. വിപണിയിലെ ചൂഷണങ്ങളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും മാർച്ച് 15 ഉപഭോക്തൃ അവകാശ ദിനം ആചരിക്കുന്നത്.

ദിനാഘോഷത്തോടനുബന്ധിച്ച് രാജ്യവ്യാപകമായി വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ശബരിമലയിൽ മീനപ്പുലരിയിൽ അയ്യനെകണ്ട് തൊഴുതു ആയിരങ്ങൾ. ഇന്നു മുതൽ നട അടയ്ക്കുന്ന 19വരെ എല്ലാ ദിവസവും വിശേഷാൽപൂജകൾ ഉൾപ്പെടെ എല്ലാ പൂജകളും ഉണ്ടായിരിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ...

...........വോയ്സ്........

മീനം ഒന്നായ ഇന്ന് സന്നിധാനത്ത്

വലിയ തിരക്കാണ് അനുഭവപ്പെട്ടത്. വലിയ നടപ്പന്തൽ നിറഞ്ഞ് തീർഥാടകർ രാവിലെ അയ്യനെകണ്ടുതൊഴാൻ വരിനിൽക്കുന്നകാഴ്ചയാണ് കാണാൻസാധിച്ചത്. ഇന്നലെ വൈകിട്ട് മാസപൂജയ്ക്കായി നടതുറന്നതുമുതൽ തിരക്ക് അനുഭവപ്പെടുന്നുണ്ട്. ഇന്നു മുതൽ നട അടയ്ക്കുന്ന 19വരെ എല്ലാ ദിവസവും വിശേഷാൽപൂജകൾ ഉൾപ്പെടെ എല്ലാ പൂജകളും നടക്കും. ഇന്നലെമുതൽ സന്നിധാനത്തും പരിസരപ്രദേശങ്ങളിലും ഇടയ്ക്കിടെ മഴയും ലഭിക്കുന്നുണ്ട്. സന്നിധാനം പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ വിറക് ഉപയോഗിച്ചുള്ള പാചകത്തിനുനിരോധനമുള്ളതിനാൽ നിവേദ്യം ഉൾപ്പെടെ തയാറാക്കുന്നതിനായി പാചകവാതക സിലിണ്ടറുകൾ എത്തിക്കുകയാണ് ചെയ്യുന്നത്. മുടക്കമില്ലാതെ ഇന്നലെ ഇന്നത്തേയ്ക്കുള്ള ലോഡ് എത്തിയിരുന്നു. ഇതിനായി ജില്ലാഭരണകൂടം ഉൾപ്പെടെ വേണ്ട ഇടപെടൽ നടത്തുന്നുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഗോഹട്ടിയിൽ വൈകീട്ട് അഞ്ചിന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂരിനെ നേരിടും. ഇന്റർ കാശി - മുംബൈ സിറ്റി മത്സരം വൈകീട്ട് ഏഴരയ്ക്ക് ലക്നൗവിലാണ്.

✪✪✪

ട്വന്റി-20 ലോകകപ്പിൽ ചരിത്ര വിജയം നേടിയ ഇന്ത്യൻ ടീമിനെ ന്യൂഡൽഹിയിൽ ഇന്ന് ആദരിക്കും. BCCI അവാർഡ് ദാന ചടങ്ങിലാണ് താരങ്ങളെ ആദരിക്കുക. ഇതോടൊപ്പം അടുത്തിടെ ICC ടൂർണമെന്റിൽ ജേതാക്കളായ നാല് ഇന്ത്യൻ ടീമുകൾക്കും സ്വീകരണം നൽകുന്നുണ്ട്.

BCCI യുടെ കഴിഞ്ഞ വർഷത്തെ മികച്ച പുരുഷ താരം ശുഭ്മാൻ ഗില്ലും, വനിതാതാരമായ സ്മൃതി മന്ധാനയും അവാർഡുകൾ ഏറ്റുവാങ്ങും. ലൈഫ്

ടൈം അച്ചീവ്മെന്റ് പുരസ്കാരം മുൻതാരങ്ങളായ രാഹുൽ ദ്രാവിഡിനും, റോജർ ബിന്നിയ്ക്കും മുൻ ഇന്ത്യൻ വനിതാ ക്യാപ്റ്റൻ മിതാലി രാജിനും സമ്മാനിക്കും.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച മലയാളി താരം സഞ്ജു സാംസണിന് കേരള ക്രിക്കറ്റ് അസോസിയേഷൻ നാളെ തിരുവനന്തപുരത്ത് സ്നേഹാദരം നൽകും. മംഗലപുരത്ത് KCA പുതുതായി നിർമ്മിച്ച ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടന വേദിയിലാണ് താരത്തെ ആദരിക്കുന്നത്. നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പുതിയ സ്റ്റേഡിയം നാടിന് സമർപ്പിക്കും.

✪✪✪

തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ വൻ കവർച്ച. രണ്ട് കോടി രൂപ വിലമതിക്കുന്ന സ്വർണം മോഷണം പോയതായി കൊട്ടാരത്തിലെ മുതിർന്ന അംഗം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി പേരൂർക്കട പൊലീസ് സ്റ്റേഷനിൽ പരാതി നൽകി. പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

✪✪✪

ഇടുക്കി ജില്ലയിൽ ഒരേ ഹാളിൽ SSLC പരീക്ഷ എഴുതുന്നത് ആറ് സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾ. കേരളത്തിനൊപ്പം രാജസ്ഥാൻ, ബീഹാർ, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ കുട്ടികളാണ് വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ പത്താം ക്ലാസ് പരീക്ഷ എഴുതുന്നത്.

അഞ്ചാം ക്ലാസ് മുതൽ ഇവിടെ പഠിച്ചു വളർന്ന കുട്ടികൾക്ക് മലയാളം മാതൃഭാഷ പോലെ പ്രിയപ്പെട്ടതാണ്. ദിവസ വേതന തൊഴിലാളികളുടെ മക്കളാണിവർ.

✪✪✪

നാടക -സിനിമാ പ്രവർത്തകൻ KT രവിയുടെ ഓർമ്മയ്ക്ക് ഏർപ്പെടുത്തിയ KT രവി പുരസ്കാരത്തിന് നാടക, സീരിയൽ നടൻ കോഴിക്കോട് ശിവരാമൻ അർഹനായി. ഈ മാസം 27-ന് സ്പോർട്സ് കൗൺസിൽ ഹാളിൽ കോഴിക്കോട് മേയർ ഒ സദാശിവൻ അവാർഡ് സമ്മാനിക്കും.

✪✪✪

കൊല്ലത്ത് ഗുണ്ടാനേതാവ് അലുവ അതുലിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ നാല് പ്രതികൾ പിടിയിലായി. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്ത രണ്ടുപേരും, കൂട്ടുപ്രതികളായ രണ്ടുപേരുമാണ് പൊലീസിന്റെ പിടിയിലായത്. കേസിന്റെ അന്വേഷണം ശക്തമാക്കുമെന്നും ജില്ലയ്ക്ക് പുറത്തേക്ക് അന്വേഷണം വ്യാപിപ്പിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ഹേമലത അറിയിച്ചു.

ഇന്നലെ ഉച്ചയോടെയാണ് ജിം സന്തോഷ് വധക്കേസ് പ്രതി അലുവ അതുലിനെ അക്രമികൾ വെട്ടിക്കൊലപ്പെടുത്തിയത്.

✪✪✪

കണ്ണൂർ പരിയാരത്തിനടുത്ത് കുപ്പം കപ്പണത്തട്ടിൽ പുലർച്ചെ ശക്തമായ വേനൽമഴയിൽ ദേശീയപാതാ നിർമ്മാണ പ്രദേശങ്ങളിൽ കൂട്ടിയിട്ട മണ്ണ് താഴേക്ക് പതിച്ച് CH നഗർ പ്രദേശത്തെ റോഡിലും പരിസര പ്രദേശങ്ങളിലും ചെളിവെള്ളം കയറി. പ്രദേശത്ത് കാൽ നടയാത്ര ദുഷ്കരമായി.

✪✪✪

കാപ്പാട് കടൽഭിത്തി പുനർനിർമാണ പ്രവൃത്തി മന്ത്രി റോഷി അഗസ്റ്റിൻ ഓൺലൈനിൽ നിർവഹിച്ചു. നിലവിൽ കടൽഭിത്തിയില്ലാത്ത ഭാഗത്ത് 310 മീറ്റർ ഭിത്തി നിർമാണവും 360 മീറ്റർ പുനർനിർമാണവുമടങ്ങുന്നതാണ് പദ്ധതി.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*News Team : അബ്ദുൾ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*